**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .570 — 29/05/2019 -ലെ മറുപടിക്ക്

## മുദ്രപ്പത്ര ക്ഷാമം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.ടി. തോമസ്** | **ഡോ :ടി .എം . തോമസ് ഐസക്ക്**<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| **എ** | സംസ്ഥാനത്ത് ചെറിയ തുകയ്ക്കുള്ള മുദ്ര-പ്പത്രങ്ങൾക്ക് ക്ഷാമം നേരിടുന്നതിനുള്ള കാരണം വിശദമാക്കുമോ; | **എ & ബി** | സംസ്ഥാനത്ത് നിലവിൽ ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നില്ല. വിതരണത്തിനാവശ്യമായ ചെറിയ മൂല്യങ്ങളിലുൾപ്പടെ എല്ലാ ഇനം മുദ്രപ്പത്രങ്ങളുടെയും മതിയായ സ്റ്റോക്ക് നിലവിൽ സംസ്ഥാനത്തെ ട്രഷറികളിൽ നീക്കിയിരിപ്പുണ്ട്. സംസ്ഥാനത്ത് ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾക്ക് ക്ഷാമം അനുഭവപ്പെടാനിടയുള്ള സാഹചര്യങ്ങളിൽ , പുനർമൂല്യ നിർണ്ണയം ചെയ്ത മുദ്രപ്പത്രങ്ങൾ സബ് ട്രഷറികളും/ സ്റ്റാമ്പ് വെണ്ടർമാരും മുഖാന്തിരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും , ചെറിയ മൂല്യത്തിലുള്ള മുദ്രപ്പത്രങ്ങൾ സ്റ്റോക്കുള്ള ട്രഷറികളിൽ നിന്നും സ്റ്റോക്ക് കുറവുള്ള ട്രഷറികൾക്ക് വിതരണത്തിനായി സമയബന്ധിതമായി ലഭ്യമാക്കുകയും ചെയ്യാറുണ്ട് . |
| **ബി** | ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | | |
| **സി** | കുറഞ്ഞ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങളിൽ കൂടുതൽ മൂല്യം സ്റ്റാമ്പ് ചെയ്ത് നൽകിയതുവഴി കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച അധികവരുമാനമെത്രയെന്ന് വിശദമാക്കുമോ? | **സി** | സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ 16,55,000 എണ്ണം മുദ്രപ്പത്രങ്ങളും, ട്രഷറിവകുപ്പിന് കീഴിലുള്ള വിവിധ ജില്ലാ ട്രഷറികളിലായി 33,12, 453 എണ്ണം മുദ്രപ്പത്രങ്ങളും പുനർമൂല്യനിർണ്ണയം നടത്തിയത് വഴി ആകെ 41,12,64,358/- രൂപയുടെ ആദായം ഉണ്ടായിട്ടുണ്ട് . |

**സെക്ഷൻ ഓഫീസർ**